നമ്പർ.പി.റ്റി(2)39639/2013

സഹകരണ സംഘം രജിസ്ട്രാർ ഫീസ്
തിരുവനന്തപുരം, തിയതി. 02.02.2017

Email : Keralarcs.coop@kerala.gov.in
editorprorcs@gmail.com

Website : www.cooperation.kerala.gov.in

Tel : 0471-2331136
Fax : 0471-2331513

**സർക്കുലർ നമ്പർ 12/2017**

**വിഷയം**: - സഹകരണവീഥി 2017 മുതൽ വരിസംഖ്യ പുതുക്കുന്നതും പുതിയ വരിക്കാരെ ചേർക്കുന്നതും പരസ്യം ലഭ്യമാക്കുന്നതും സംബന്ധിച്ച്

**സൂചന** :- സഹകരണസംഘം രജിസ്ട്രാറുടെ 23/03/2015ലെ 7/2005 നമ്പർ സർക്കുലർ

സഹകരണ വകുപ്പ് ഇൻഫർമേഷൻ ബ്യൂറോയുടെ പ്രസിദ്ധീകരണമായ സഹകരണവീഥി മാസികയുടെ വരിസംഖ്യ പുതുക്കുന്നതും പുതിയ വരിക്കാരെ ചേർക്കുന്നതും പരസ്യങ്ങൾ അയച്ചുതരുന്നതും സംബന്ധിച്ച് സൂചന പ്രകാരം നിർദ്ദേശങ്ങൾ നൽകിയിരുന്നു. സഹകരണ വീഥിയുടെ നിലവിലുള്ള വരിസംഖ്യ 2005-06-ൽ പുതുക്കിയതിനുശേഷം അച്ചടിയിനത്തിലും തപാൽ ചെലവിനത്തിലും വൻ വർദ്ധനവ് ഉണ്ടായിട്ടും നാളിതുവരെ വരിസംഖ്യ പുതുക്കിയിരുന്നില്ല. ആയതിനാൽ സഹകരണവീഥിയുടെ വരിസംഖ്യ കാലോചിതമായി പുതുക്കേണ്ടത് അനിവാര്യമാണെന്നതിനാൽ വരിസംഖ്യ പുതുക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. ആയതിനാൽ സഹകരണ വീഥിയുടെ സുഗമമായ പ്രസിദ്ധീകരണത്തിനും സർക്കുലേഷൻ വർദ്ധിപ്പിക്കുന്നതിനും ചുവടെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നു.

1. സഹകരണ വീഥിയുടെ 01.02.2017 മുതലുള്ള വരിസംഖ്യ ചുവടെ ചേർക്കും പ്രകാരം പുതുക്കി നിശ്ചയിച്ചിരിക്കുന്നു.

| | | |
|---|---|---|
| ഒററപ്രതി | - | 20/- രൂപ |
| ആറുമാസത്തേക്ക് | - | 110/- രൂപ |
| ഒരു വർഷത്തേക്ക് | - | 200/- രൂപ |
| രണ്ടുവർഷത്തേക്ക് | - | 380/- രൂപ |
| അഞ്ചു വർഷത്തേക്ക് | - | 850/- രൂപ |

2. അഞ്ച് വർഷത്തേക്ക് പരമാവധി വരിക്കാരെ ചേർക്കുന്നതിനും താഴെ പറയും വിധം വരിക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും ഊർജ്ജിതശ്രമം ജില്ലകളിൽ നിന്നുണ്ടാകണം.

3. ഇതിനകം വരിസംഖ്യ തീർന്നിട്ടുള്ളവരിൽ നിന്നും 01.02.2017 മുതൽ പുതിയ നിരക്കിലും വരിസംഖ്യ പിരിച്ചെടുക്കേണ്ടതാണ്.

**<u>2017 ഫെബ്രുവരി മാസം സഹകരണവീഥി കാമ്പെയിൻ മാസമായി നിശ്ചയിച്ച് സർക്കുലേഷൻ വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ജില്ലാ/സർക്കിൾ തലത്തിൽ ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടതാണ്.</u>**

4. നിലവിലുള്ള കണക്കുപ്രകാരം സംസ്ഥാനത്ത് സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന 11908 സഹകര സംഘങ്ങൾ ഉണ്ട്. എന്നാൽ, സഹകരണ വീഥിക്ക് ടി സംഘങ്ങൾ പൂർണ്ണമായി വരിക്കാരായിട്ടില്ല. അതിനാൽ ജില്ലയിൽ പ്രവർത്തിക്കുന്ന എല്ലാ വിഭാഗം സഹകരണ സംഘങ്ങളെയും വരിക്കാരായി ചേർക്കുന്നതോടൊപ്പം അതാതു ജില്ലയിലെ ജില്ലാ സംഹകരണ ബാങ്കുകളുടെയും പ്രാഥമിക സഹകരണ സംഘങ്ങൾ / ബാങ്കുകൾ. അർബൻ ബാങ്കുകൾ, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവയുടെ ശാഖകളെയും, വരിക്കാരാക്കുന്നതിനും ജോയിന്റ് രജിസ്ട്രാർമാർ ശ്രദ്ധിക്കേണ്ടതും അസിസ്റ്റന്റ് രജിസ്ട്രാർമാർക്ക് ടാർജറ്റ് നിശ്ചയിച്ചു നൽകേണ്ടതും പ്രതിമാസ അവലോകന യോഗങ്ങളിൽ ആയതിന്റെ പുരോഗതി വിലയിരുത്തേണ്ടതുമാണ്.

5. സംഘങ്ങൾക്കു പുറമേ സഹകാരികളെയും സംഘം ജീവനക്കാരെയും

ഇതര വ്യക്തികളെയും വരിക്കാരായി ചേർക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കണം.

6. ഓരോ ജില്ലയിലും നിലവിലുള്ള സംഘങ്ങളുടെയും വരിക്കാരുടെയും 01/02/2017 മുതൽ വരിസംഖ്യ പിരിച്ചെടുക്കേണ്ട ടാർജറ്റും ചുവടെ ചേർക്കുന്നു.

| ജില്ല | ടാർജറ്റ് |
|---|---|
| തിരുവനന്തപുരം | 2000 |
| കൊല്ലം | 2000 |
| ആലപ്പുഴ | 1000 |
| പത്തനംതിട്ട | 1000 |
| കോട്ടയം | 1200 |
| ഇടുക്കി | 1000 |
| എറണാകുളം | 2000 |
| തൃശ്ശൂർ | 1500 |
| പാലക്കാട് | 1500 |
| മലപ്പുറം | 2000 |
| കോഴിക്കോട് | 2500 |
| വയനാട് | 750 |
| കണ്ണൂർ | 2000 |
| കാസർഗോഡ് | 1000 |

4. സഹകരണ വീഥിയുടെ വരിസംഖ്യ സഹകരണ സംഘം രജിസ്ട്രാറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന വിധത്തിൽ ഡിമാന്റ് ഡ്രാഫ്റ്റ്/ചെക്ക് ആയി അയച്ചുതരേണ്ടതാണ്. മണിഓർഡർ സ്വീകരിക്കുന്നതല്ല.

5. വരിസംഖ്യ ഇനത്തിൽ ലഭിക്കുന്ന ഡിമാന്റ് ഡ്രാഫ്റ്റ്/ചെക്ക് വരിക്കാരുടെ പൂർണ്ണമായ മേൽവിലാസം പിൻകോഡ് സഹിതം ഈ ആഫീസിലേക്ക് അയച്ചു തരേണ്ടതും വരിക്കാരുടെ വിവരങ്ങൾ നിർദ്ദിഷ്ട രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. മാസിക കൃത്യമായി ലഭിക്കുന്നതിനും പരാതികൾ ഒഴിവാക്കുന്നതിനും പിൻകോഡുകൾപ്പെടെയുള്ള പൂർണ്ണമായ മേൽ

വിലാസത്തോടുകൂടി വേണം മാസിക പോസ്റ്റാഫീസിൽ നൽകേണ്ടതെന്ന് തപാൽവകുപ്പ് കർശനമായി നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനാൽ വരിക്കാരുടെ മേൽവിലാസം കഴിയുന്നതും ടൈപ്പ് ചെയ്ത് അയക്കുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

6. സഹകരണ വീഥി ജില്ലയിൽ പരമാവധി സർക്കുലേറ്റ് ചെയ്യുന്ന പ്രവർത്തനം വിലയിരുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി ജോയിന്റ് രജിസ്ട്രാർ (ജനറൽ)ചെയർമാനും ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) കൺവീനറും സർക്കിളിലെ അസിസ്റ്റന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് ഡയറക്ടർമാർ, പ്ലാനിംഗ് അസിസ്റ്റന്റ് രജിസ്ട്രാർ, ഭരണ വിഭാഗം ഡെപ്യൂട്ടി രജിസ്ട്രാർ എന്നിവർ അംഗങ്ങളായി ഒരു കമ്മിറ്റി എല്ലാ ജില്ലയിലും നിലവിലുണ്ട്. ടി കമ്മിറ്റി യോഗം ചേർന്ന് സർക്കുലർ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനും സർക്കുലേഷൻ ലക്ഷ്യം കൈവരിക്കു ന്നതിനും വരിസംഖ്യ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ടതിനും ഓരോ യോഗത്തിന്റെയും മിനിട്സ്

editorproprcs@gmail.com/keralarcs@gmail.com എന്ന മേൽവിലാസ ത്തിൽ മെയിൽ ചെയ്യുന്നതിനും പ്രത്യേകം ശ്രദ്ധിക്കുക.

7. സഹകരണ വീഥിയുടെ വരിസംഖ്യ പിരിവിലും പരസ്യങ്ങൾ ശേഖരിക്കുന്നതിനും താലൂക്കിലെ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)നും അവരുടെ നിയന്ത്രണത്തിലുള്ള എല്ലാ ഉദ്യോഗസ്ഥന്മാരും കുടുതൽ ജാഗ്രതയും താല്പര്യവും കാണിക്കണം. ഓരോ ജില്ലയിൽ നിന്നും ഒരു മാസത്തേക്കുള്ള 10 പരസ്യം ലഭിച്ചിരിക്കണം. സർക്കുലർ പ്രകാരമുള്ള പരസ്യങ്ങൾ ശേഖരിച്ച് യഥാസയമം ഈ ആഫിസിലേക്ക് അയയ്ക്കുന്ന കാര്യത്തിലും എല്ലാ ഉദ്യോഗസ്ഥരുടെയും പൂർണ്ണസഹകരണം ഗൗരവമായി ഉണ്ടാകേണ്ടതുണ്ട്. ആയതിനാൽ 01.02.2017 മുതൽ ഒരു ജില്ലയിൽ നിന്നും ഒരു മാസം 10 പരസ്യം എന്ന നിലയിൽ അയച്ചു തരേണ്ടതാണ്.

2017 ഫെബ്രുവരി മുതൽ താഴെപറയുന്ന കണക്കിൽ പരസ്യ താരിഫ് പുതുക്കി നിശ്ചയിക്കുന്നു

| | | | |
|---|---|---|---|
| ഫ്രണ്ട് ഇന്നർ | – | 12000 | മൾട്ടികളർ |
| ബാക്ക് കവർ | – | 15000 | മൾട്ടികളർ |
| ബാക്ക് ഇന്നർ | – | 12000 | മൾട്ടികളർ |
| ഇന്നർ പേജ് | – | 7500 | ബ്ലാക്ക് & വൈറ്റ് |
| ഇന്നർ പേജ് | – | 10000 | മൾട്ടികളർ |
| 1/2 പേജ് | – | 3000 | ബ്ലാക്ക് & വൈറ്റ് |
| 1/2 പേജ് | – | 5000 | മൾട്ടികളർ |

ഓരോ ജില്ലയും 01/02/2017 മുതൽ പരസ്യങ്ങൾ ശേഖരിച്ച് നല്കുന്നതിനുള്ള സമയക്രമം ഇപ്രകാരമാണ്.

| ജില്ല | പരസ്യങ്ങൾ നൽകേണ്ട മാസം |
|---|---|
| തിരുവനന്തപുരം | ഫെബ്രുവരി 2017 |
| കണ്ണൂർ | മാർച്ച് 2017 |
| കൊല്ലം | ഏപ്രിൽ 2017 |
| കോഴിക്കോട് | മെയ് 2017 |
| മലപ്പുറം | ജൂൺ 2017 |
| ആലപ്പുഴ | ജൂലായ് 2017 |
| പാലക്കാട് | ആഗസ്ത് 2017 |
| എറണാകുളം | സെപ്ററംബർ 2017 |
| പത്തനംതിട്ട | ഒക്ടോബർ 2017 |
| തൃശ്ശൂർ | നവംബർ 2017 |
| കോട്ടയം | ഡിസംബർ 2017 |
| ഇടുക്കി | ജനുവരി 2018 |
| കാസർഗോഡ് | ഫെബ്രുവരി 2018 |
| വയനാട് | മാർച്ച് 2018 |

8. ജില്ലാതലകമ്മിറ്റിയുടെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി താലൂക്ക് തലത്തിൽ സർക്കിൾ യൂണിയൻ ചെയർമാൻ ചെയർമാനായും അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) കൺവീനറും, ജനറൽ വിഭാഗത്തിലേയും ആഡിറ്റ്

വിഭാഗത്തിലേയും ആഫീസ് സൂപ്രണ്ടുമാരും രണ്ട് ഇൻസ്പെക്ടർ/ആഡിറ്റർ മാരും അടങ്ങുന്ന താലൂക്ക് തല കമ്മിറ്റി രൂപീകരിച്ച് നടപടികൾ ത്വരിതപ്പെടുത്തി അവലോകനറിപ്പോർട്ട് ഇ-മെയിൽ ചെയ്യേണ്ടതാണ്.

9. സഹകരണ മേഖലയിൽ നടക്കുന്ന പ്രധാനപ്പെട്ട വികസനപ്രവർത്തനങ്ങൾ പ്രസിദ്ധീകരിക്കുന്നതിനാണ് സഹകരണവീഥി പ്രാധാന്യം കൊടുക്കുന്നത്. ആയതിനാൽ ഓരോ സർക്കിളിലെയും സഹകരണ മേഖലയുമായി ബന്ധപ്പെട്ട വാർത്തയും ഫോട്ടോയും (സ്കാൻ ചെയ്ത്) editorproprcs@gmail.com എന്ന വിലാസത്തിൽ ഇ-മെയിൽ ചെയ്യേണ്ടതാണ്. ഇതിനായി ഓരോ സർക്കിളിലെയും ഒരു ഇൻപെക്ടർ/ആഡിറ്റർക്ക് ചുമതല നൽകേണ്ടതും ടിയാളുടെ ഫോൺ നമ്പർ (ലാൻഡ് ലൈൻ/മൊബൈൽ നമ്പർ), എഡിറ്റർ, പി.ആർ.ഒ./അസിസ്റ്റന്റ്രജിസ്ട്രാർ)(എസ്.സി.റ്റി./പി.റ്റി)യെ അറിയിക്കേണ്ടതുമാണ്. ടിയാൾക്ക് സ്ഥലം മാറ്റം / തസ്തികമാറ്റം ഉണ്ടായാൽ മറ്റൊരാൾക്ക് ചുമതല നൽകേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. കൂടാതെ സഹകരണമേഖല യിലുണ്ടാകുന്ന നൂതനപ്രവർത്തനങ്ങളുടേയും മാതൃകാസംരംഭങ്ങളുടേയും റിപ്പോർട്ടുകളും അയച്ചുതരേണ്ടതാണ്.

10. വരിസംഖ്യക്കുള്ള ഡ്രാഫ്റ്റ്/ചെക്ക്, മെയിലിംഗ് ലിസ്റ്റും രസീതിന്റെ കോപ്പിയും യഥാസമയം ഈ ആഫിസിലേക്ക് അയയ്ക്കേണ്ടതാണ്. അതു ലഭിക്കുന്ന മുറക്ക് മാത്രമേ വരിക്കാരുടെ മെയിലിംഗ് ലിസ്റ്റ് തയ്യാറാക്കി പ്രിന്റ് ചെയ്ത് വരിക്കാർക്ക് മാസിക അയയ്ക്കുവാൻ കഴിയുകയുള്ളൂ.

ഇതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന സംശയനിവാരണത്തിനായി സഹകരണ സംഘം രജിസ്ട്രാർ ആഫിസിലെ എഡിറ്റർ/പി.ആർ.ഒ., അസിസ്റ്റന്റ് രജിസ്ട്രാർ (എസ്.സി/എസ്.റ്റി) അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്) എന്നിവരുമായി ബന്ധപ്പെടാവുന്നതാണ്.

ഒപ്പ്

**എസ്. ലളിതാംബിക ഐ.എ.എസ്.**
**സഹകരണസംഘം രജിസ്ട്രാർ**

<u>പകർപ്പ്</u>

1. എല്ലാ  സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
2. ഡയറക്ടർ, സഹകരണആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം
3. ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, ജില്ലാസഹകരണബാങ്കുകൾ/ കേരള സംസ്ഥാന സഹകരണബാങ്ക്/ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ
4. എല്ലാ പ്രാഥമിക വായ്പാ സഹകരണസംഘങ്ങൾ/ബാങ്കുകൾക്കും (ജോയിന്റ് രജിസ്ട്രാർ(ജനറൽ)മുഖേന)
5. ഈ ആഫീസിലെ എല്ലാ അഡീഷണൽ രജിസ്ട്രാർമാർക്കും/ സെക്ഷനുകൾക്കും
6. രജിസ്ട്രാറുടെ മേശപ്പുറത്ത്
7. എഡിറ്റർ, സഹകരണവീഥി, ജേർണൽ( പ്രസിദ്ധീകരണത്തിന്)
8. വെബ്സൈറ്റ്
9. സ്റ്റോക്ക് ഫയൽ
10. സ്പെയർ